GOVERNMENT UPS
THIRUMALA
ESTD 1930






# ACADEMIC MASTER PLAN



# ACADEMIC MASTER PLAN

GUPS

THIRUMALA

2025

# ഉള്ളടക്കം


- കോർ ഗ്രൂപ്പ് രൂപീകരണം
- ആമുഖം
- വിദ്യാലയ പശ്ചാത്തലം
- വിദ്യാലയം- അടിസ്ഥാന വിവരങ്ങൾ
- അവസ്ഥാ വിശകലനം
- അധ്യാപകരുടെ സ്ഥിതിവിവരം
- ശ്രദ്ധേയമായ നേട്ടങ്ങൾ
- വെല്ലുവിളികൾ /പരിമിതികൾ
- ലക്ഷ്യങ്ങൾ
- സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ
- ഭൗതികം
- അക്കാദമികം




# ആമുഖം

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക, അക്കാദമിക നിലവാരം ഉയർത്തുക, സാങ്കേതിക സൗഹൃദ വിദ്യാഭ്യാസ രീതികൾ, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും പഠന പ്രവർത്തനത്തിന്റെ ഭാഗമാക്കുക, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക തുടങ്ങി നിരവധിയായ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും, പൊതു സമൂഹത്തിന്റെയും പിന്തുണ യോടെ ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി പരിഗണിച്ച് വിദ്യാഭ്യാസ മികവിന് ഉള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും, കുട്ടിയിൽ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്താൻ ഉതകുന്ന പഠന ലക്ഷ്യങ്ങൾ അറിവുകൾ ആക്കി മാറ്റി പഠനം കൂടുതൽ ആസ്വാദ്യകരമാക്കാനും പദ്ധതി ലക്ഷ്യമിടുന്നു.




# കോർ ഗ്രൂപ്പ് രൂപീകരണം

എസ്. ആർ ജി യോഗത്തിൽ വികസന കാഴ്ചപ്പാട് അവതരിപ്പിക്കുകയും അതുമായി ബന്ധപ്പെട്ട ചർച്ചയും നടന്നു. വികസന ആവശ്യങ്ങൾ ക്ലാസ് വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് രൂപരേഖ തയ്യാറാക്കി. കരട് രൂപരേഖ എസ് .ആർ. ജി ,എസ്.എം.സി ,പി.ടി.എ എന്നിവിടങ്ങളിൽ അവതരിപ്പിച്ചു .രൂപപ്പെട്ട നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്തു. തുടർന്ന് ക്രോഡീകൃത രൂപരേഖ തയ്യാറാക്കി.

# വിദ്യാലയ പശ്ചാത്തലം

തിരുവനന്തപുരം നഗരസഭയിൽ വലിയവിള വാർഡിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഗവൺമെൻറ് യു.പി.എസ് തിരുമല . 1930 കളിലാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്. വിദ്യാലയത്തിന്റെ ആരംഭത്തിന് ഇന്നാട്ടിലെ പഴയ തലമുറയുടെ ഭഗീരഥ പ്രയത്നം തന്നെ ഉണ്ടായിരുന്നു. ആരംഭത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം വിദ്യാലയങ്ങൾ ആയിരുന്നു എന്നാൽ പിൽക്കാലത്ത് ഇത് ഒരു മിക്സഡ് വിദ്യാലയമായി മാറുകയും ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്ത് ഓല ഷെഡ്ഡിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു .ഈ പരിസരപ്രദേശത്തുള്ള പ്രശസ്തർ ഉൾപ്പെടെ എല്ലാവരും ഈ സരസ്വതി ക്ഷേത്രത്തിൽ നിന്നും വിദ്യ അഭ്യസിച്ചവരാണ്.



# വിദ്യാലയം - അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെപേര് | : | ഗവ: യുപിഎസ് തിരുമല |
| വിലാസം | : | വലിയവിള തിരുമല പി .ഒ |
| ഫോൺ | : | 0471-2368487 |
| സ്കൂൾ കോഡ് | : | 43248 |
| വിദ്യാഭ്യാസ ഉപജില്ല | : | തിരുവനന്തപുരംസൗത്ത് |
| യു ആർ സി | : | തിരു.സൗത്ത് |
| സി ആർ സി | : | പാങ്ങോട് |
| നിയമസഭാമണ്ഡലം | : | വട്ടിയൂർക്കാവ് |
| ലോക്സഭാ മണ്ഡലം | : | തിരുവനന്തപുരം |
| താലൂക്ക് | : | തിരുവനന്തപുരം |
| വില്ലേജ് /കോർപ്പറേഷൻ | : | തിരുവനന്തപുരം |
| ഇ-മെയിൽ | : | gupsthirumala 123@gmail.com |



## അവസ്ഥാ പഠനം - പരിഗണിക്കേണ്ട മേഖലകൾ

### പാഠ്യപദ്ധതിവിനിമയം

### ഭാഷവായിക്കാൻ ശ്രമിക്കുന്നു

മേഖല - (എൽ പി തലം ) വായന

| | | |
|---|---|---|
| ആശയ വ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു | വായിക്കാൻ ശ്രമിക്കുന്നു |
| 30% | 40% | 30% |

മേഖല - ലേഖനം (എൽ പി തലം )

| | | |
|---|---|---|
| ആശയ വ്യക്തതയോടെ സ്വതന്ത്രമായി എഴുതുന്നു | അധ്യാപകന്റെ സഹായത്തോടെ എഴുതുന്നു | എഴുതാൻ ശ്രമിക്കുന്നു |
| 30% | 40% | 30% |

### ഗണിതം

മേഖല -പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു

(എൽ പി തലം )

| കുട്ടി സ്വയം അപഗ്രഥിച്ച് പ്രശ്നം പരിഹരിക്കുന്നു. | അധ്യാപകന്റെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു | പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു |
|---|---|---|
| 40% | 30% | 30% |

## മേഖല - പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു

## (യുപിതലം)

| കുട്ടി സ്വയം അപഗ്രഥിച്ച് പ്രശ്നം പരിഹരിക്കുന്നു | അധ്യാപകന്റെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു | പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു |
|---|---|---|
| 40% | 30% | 30% |



# പഠനാന്തരീക്ഷം

- പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയുള്ള ക്ലാസ് മുറികൾ സജ്ജീകരിച്ചിട്ടുണ്ട്
- എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന ജനാധിപത്യപരമായ അന്തരീക്ഷം ക്ലാസിൽ നിലനിർത്തുന്നു
- ഭാഷാശാസ്ത്ര വിഷയങ്ങൾ പഠിക്കുന്നതിന് സഹായകരമായ പഠനോപകരണങ്ങളുടെ ലഭ്യത കുട്ടികളുടെ എണ്ണത്തിന് അനുപാതികമായി ലഭ്യമല്ല
- പരസ്പര ബഹുമാനത്തിൽ ഊന്നിയ അധ്യാപക വിദ്യാർത്ഥി ബന്ധം നിലനിർത്തുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്
- സ്മാർട്ട് ക്ലാസ് റൂമിന്റെ അപര്യാപ്തത കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ലാപ്ടോപ്പ് ലഭ്യമല്ല.
- ലൈബ്രറികൾ ലബോറട്ടറികൾ എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല
- കളി സ്ഥലത്തിന്റെ അഭാവം ഉണ്ട്
- ഭിന്നശേഷി സൗഹൃദ ക്ലാസ് മുറിയുടെ അഭാവം ഉണ്ട്
- സ്കൂൾ പാർലമെൻറ് രൂപീകരിച്ചിട്ടുണ്ട്

# സാമൂഹിക ഇടപെടലുകൾ

- #പിടിഎ, എസ്എംസി, എം പി ടി എ എന്നിവയുടെ പരിപൂർണ്ണ പിന്തുണ ലഭിക്കുന്നില്ല
- #തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്കൂളിന്റെ പ്രവർത്തനങ്ങളിൽ പിന്തുണ നൽകുന്നുണ്ട്
- #വിദ്യാലയ വികസന സമിതി ,പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവരുടെ സഹായം വളരെ കുറവാണ്.
- #സന്നദ്ധ സംഘടനകൾ റസിഡൻസ് അസോസിയേഷനുകൾ എന്നിവ പഠനോപകരണ വിതരണം നോട്ട്ബുക്ക് വിതരണം സ്കൂൾ പരിസരം വൃത്തിയാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ

  പങ്കാളികളാകുന്നു

# അധ്യാപകരുടെ സ്ഥിതി വിവരം

# 2025 - 2026



**HEAD MISTRESS- JAYASREE S K**

**1.FLORENCE JOSEPH L**

**2. KUMARI BINDHUSHA**

**3.ANILA I R**

**4. SREELEKSHMI**

**5. SUMA S**

**6. PRASANTHY**

**6. SHAINY R**

**7. MADHUSOODHANAN**

# ശ്രദ്ധേയമായ നേട്ടങ്ങൾ

*യു എസ് എസ് വിജയം

*മധുരവാണി (സ്കൂൾ റേഡിയോ) ജില്ലാതലത്തിൽ ഒന്നാം സ്ഥാനം

# പരിമിതികൾ/വെല്ലുവിളികൾ

## ഭൗതിക സാഹചര്യം

1. പഴക്കം ചെന്ന കെട്ടിടങ്ങൾക്ക് പകരം സ്ഥല സൗകര്യം ലഭിക്കത്തക്ക രീതിയിൽ പുതിയ കെട്ടിട സമുച്ചയം.

2. സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ അഭാവം

3. കുട്ടികളുടെ എണ്ണത്തിൽ അനുപാതികമായ ലാപ്ടോപ്പിന്റെ അഭാവം

4.കായിക പ്രവർത്തനങ്ങൾക്കാവശ്യമായ കളി സ്ഥലത്തിന്റെ അഭാവം

5.ആധുനിക സൗകര്യങ്ങളോടുകൂടിയ ലാബ് ലൈബ്രറികളുടെ അഭാവം

6. ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കളയും ഊട്ടുപുരയും

*ആംപ്ലിഫയർ മൈക്ക് എന്നിവയുടെ അഭാവം

*കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ കളി ഉപകരണങ്ങളുടെ അഭാവം

## അക്കാദമികം

*ഭാഷാ വിഷയങ്ങളിൽ കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ലൈബ്രറി പുസ്തകങ്ങളുടെ അഭാവം

*ആധുനിക സൗകര്യങ്ങളോടുകൂടിയ കമ്പ്യൂട്ടർ ലാബിന്റെ അഭാവം

## സാമൂഹികം

പൂർവ്വവിദ്യാർത്ഥികളുടെയും

റസിഡൻസ് അസോസിയേഷനുകളുടെയും സഹകരണം കുറവാണ്

*ശാസ്ത്രീയമായ മാലിന്യ നിർമാർജ്ജന സൗകര്യം

*പ്രീ പ്രൈമറിക്ക് അനുയോജ്യമായ പാർക്ക്



# വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ

| മേഖല ഭൗതികം | പ്രശ്നങ്ങൾ | ലഘു തരം | തീവ്രം | ഗുരുതരം | കാരണങ്ങൾ |
|---|---|---|---|---|---|
| കെട്ടിടങ്ങളുടെ രൂപകൽപ്പന ശാസ്ത്രീയമല്ല | സൗഹൃദ ക്ലാസ് മുറികളുടെ അഭാവം | ✓ | | | കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാകുന്നില്ല |
| | പ്രശ്നങ്ങൾ കമ്പ്യൂട്ടർ ലാബിന്റെ സൗകര്യക്കുറവ് | | | | |
| | കമ്പ്യൂട്ടറുകളുടെ കുറവ് ആവശ്യത്തിന് വെളിച്ചമോ വായു സഞ്ചാരമോ ഇല്ലാത്ത കമ്പ്യൂട്ടർ റൂം | | | | |
| | സജ്ജമായ ലാബുകളുടെ അഭാവം | | | ഗുരുതരം ✓ | |
| | മുറികളുടെ ലഭ്യതക്കുറവ് സാധനങ്ങളുടെ അഭാവം | | | | |

| മേഖല | പ്രശ്നങ്ങൾ | ലഘു തരം | തീവ്രം | ഗുരുതരം | കാരണങ്ങൾ |
|---|---|---|---|---|---|
| അക്കാദമികം | ഉച്ചാരണ ശുദ്ധിയോടെയുള്ള ആശയ ഗ്രഹണ വായനയ്ക്ക് കഴിയുന്നില്ല | | ✓ | | പഠന വിടവ് അതാത് ക്ലാസുകളിൽ നേടേണ്ട ശേഷികൾ കുട്ടി നേടാത്തത് |
| | ലേഖന പ്രവർത്തനങ്ങൾ | ✓ | | | മൊബൈൽ ഉപയോഗം ജയം രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ് |
| | സ്വതന്ത്ര വായനയും സർഗാത്മാവ് രചനയും ഏറെ ദുർഘടമായ അവസ്ഥ | | | | വായനാക്കുറവ് ചിന്താശേഷി കുറവ് |
| | കുട്ടികളുടെ പഠന വിടവ് എല്ലാ വിഷയവും | ✓ | | | ഭാഷ വിഷയങ്ങൾ പോലെ തന്നെ ശാസ്ത്രം മറ്റു ശാസ്ത്ര വിഷയങ്ങൾ |
| | പെരുമാറ്റ വൈകല്യങ്ങൾ | | ✓ | | സോഷ്യൽ മീഡിയ മൊബൈൽ ഫോൺ തുടങ്ങിയവ |

# ലക്ഷ്യങ്ങൾ

- *ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനവും ആസ്വാദ്യകരമാക്കുക
- *ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ട് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- *വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തിപരിചയ പഠന പ്രവർത്തനങ്ങളും ഫീൽഡ് ട്രിപ്പുകളും ഒരുക്കുക
- *സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റത്തക്ക തരത്തിൽ നല്ല പൗരന്മാരായി വളർത്തിയെടുക്കേണ്ട പ്രാഥമിക അറിവുകൾ നൽകുക

# ലക്ഷ്യങ്ങൾ(തുടർച്ച)

- *പരസ്പരവും സമൂഹവുമായും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
- *പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക
- *പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക

# ക്ലാസ് വൺ

# മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | സമയം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| 1. വായിക്കാൻ പ്രാപ്തരാക്കുക | ചിത്ര വായന വായന ,മൂല ഒരുക്കൽ വായന കേളികൾ അമ്മ വായന കൂട്ടുവായന വായന കാർഡ് | ജൂൺ മുതൽ മാർച്ച് വരെ | Class teacher | പിടിഎ . എം പി ടി എ |
| 2. സ്വതന്ത്ര ഭാഷണശേഷി വികാസം | ചെറുകഥ കൾ, കവിതകൾ, തുടങ്ങിയവ പാടാനും പറയാനുള്ള അവസരം സൃഷ്ടിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | Class teacher | |
| 3. അടിസ്ഥാന ഭാഷാശേഷി വികസനം | പാട്ടുകളും കഥകളു മായി കുട്ടിക്കൂട്ട ങ്ങൾ സംഘടി പ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | Class teacher | |

| ലക്ഷ്യങ്ങൾ | പ്രവർത്തനം | സമയം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| 4.<br>സ്വന്തം ആശയം ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുക | ലിപികൾ തിരിച്ചറിഞ്ഞ് ചെറു രചനകൾ നടത്തൽ<br>സംയുക്ത ഡയറി എഴുതി മെച്ചപ്പെടൽ<br>ചിത്രകാർഡ് വായന കാർഡ് നിർമ്മാണം | ഡിസംബർ മുതൽ മാർച്ച് വരെ | Class Teacher | |



# STD 1 ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | സമയം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാവ-ബോധം | സംഖ്യകൾ തിരിച്ചറിയുന്നു ,പറയുന്നു സംഖ്യാ കാർഡ് നിർമ്മിക്കൽ സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ സംഖ്യ ഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ് ടീച്ചർ | PTA |
| വലുത് ചെറുത് | വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ | സമയം സെപ്റ്റംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ | Class TEACHER |
| സംഖ്യ വ്യാഖ്യാനം | 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു | ജനുവരി മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | എം പി ടി എ |

| ലക്ഷ്യങ്ങൾ | പ്രവർത്തനം | സമയം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സങ്കലനം, വ്യവകലനം | ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ ചിഹ്നങ്ങൾ തിരിച്ചറിയൽ | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | എം പി ടി എ |
| ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയുന്നതിന് | ഒറ്റ സംഖ്യയും ഇരട്ടസംഖ്യയും തിരിച്ചറിയാനുള്ള പാട്ടുകൾ കളികൾ | ഒക്ടോബർ | Class Teacher | എസ് ആർ ജി |

# STD I
# English

| Aims | Activities | Period | charge | financial |
|---|---|---|---|---|
| To develop listening Skill | * Game<br>* Action Songs<br>* provides picture cards<br>* Introduce Simple Words | July | class tr | |
| 2. To Speak , read and write | Identify familiar words<br>. Say familiar words<br>.Red familiar words<br>.Write familiar words . | ( July , August) | Cass teacher | |
| reading | Introduce reading cards | (August) | Class teacher | |
| | Add more lines<br>Make riddles | September) | Class teacher | |
| Making reading cards | Picture reading and picture description<br>Help | October t o March | Teacher | SMC |

# STD I

# ENVIRONMENT STUDIES

| ലക്ഷ്യങ്ങൾ | പ്രവർത്തനം | സമയം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ചുറ്റുപാടുകൾ നിരീക്ഷിച്ച് വിശകലനം ചെയ്യുന്നതിന് കഴിവുള്ളവരാക്കുക | .പലതരം പക്ഷികൾ തൂവലുകൾ തിരിച്ചറിയൽ .പലതരം പൂക്കൾ വ്യത്യാസങ്ങൾ തിരിച്ചറിയൽ | (June, July) | Teacher | |
| | *പലതരം ആഘോഷങ്ങൾ | (August to September | Teacher | |
| | *ജലത്തിന്റെ ഉപയോഗങ്ങൾ | (August to September | Teacher | |
| | *ആഹാരത്തിന്റെ ആവശ്യകത | (August to September | Teacher | |
| | *വ്യക്തി ശുചിത്വം പരിസര ശുചിത്വം | (sept to march) | Teacher | |
| | *ദിനാചരണങ്ങൾ | (sept to march) | Teacher | |
| | *വാഹനങ്ങൾ | (sept to march) | Teacher | |
| | *കരയിലെയും വെള്ളത്തിലെയും ജീവികൾ | (sept to march) | Teacher | |
| ലഘു പരീക്ഷണങ്ങളിൽ ഏർപ്പെട്ട് നിഗമനങ്ങളിൽ എത്തിച്ചേരുന്നതിന് | *മഴ പെയ്യുന്നത് എങ്ങനെ *മുങ്ങുന്നവ പൊങ്ങുന്നവ *പക്ഷി തൂവലുകൾ പ്രത്യേകതകൾ | (June to March) | | പിടിഎ ക്ലാസ് ടീച്ചർ |

# STD 2

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| 1.<br>സംയുക്ത ഡയറിഎഴുത്ത് | രക്ഷിതാവിന്റെ അധ്യാപകരുടെയു ം സഹായത്തോടെ അക്ഷരങ്ങൾ ചിഹ്നങ്ങൾ വാക്കുകൾ എഴുത്തു വായന ഉറപ്പിക്കൽ | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ,രക്ഷകർത്താവ് | |
| 2.<br>പാട്ട് കവിതകൾ ചൊല്ലി ആസ്വാദനം | താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ള തും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു | മാസത്തിൽ രണ്ട് വെള്ളിയാഴ്ചകളിൽ | ടീച്ചർ ,പാരന്റ് | |
| 3.<br>റീഡേഴ്സ് തിയേറ്റർ | രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഭാവാത്മകമായി കഥകൾ വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു മികച്ച വായനക്കാർ ആക്കി മാറ്റുന്നു | ജൂൺ to മാർച്ച് | SRG ക്ലാസ് പിടിഎ | ലക്ഷ്യം |

Std 2 malay

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| 4.<br>ഉചിതമായ വ്യവഹാര രൂപങ്ങളിലൂടെയുള്ള ലേഖന മികവ് | ലഘുപതിപ്പുകൾ തയ്യാറാക്കൽ | നവംബർ മുതൽ ഡിസംബർ | | |
| 5.<br>സർഗ്ഗ വേദി സർഗാത്മകത വളർത്തൽ | രചന ശില്പശാല കഥാകവിതാ രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ മുതൽ ജനുവരി | Class teacher | എസ് ആർ ജി എസ് എം സി |

# STD 2

# ENGLISH

| AIM | ACTIVITY | Duration | RESPONSIBILITY | FINANCIAL |
|---|---|---|---|---|
| to improve reading | Activity game to find the words from the text books | June -march | Teacher | |
| to improve reading with ideas and fluency | developed the class library to conduct a news reading competition reading camp reading child publications | once in month | Teacher | |
| | English balasabha, English assembly | June to March | SSA | |
| | to speak English fluency and confidently | once in a month once in a month | Teacher | Supporter |
| improve speaking ability in pupils | class interaction between teachers and students only in English | June to March | teacher | |

# STD 2

# MATHEMATICS

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| 1-100 വരെയുള്ള സംഖ്യാ ബോധം | സംഖ്യ കാർഡുകൾ കൃത്യമായി ക്രമീകരിക്കൽ | ജൂൺ മുതൽ നവംബർ | ടീച്ചർ | |
| സങ്കലന വ്യവകലന ശേഷി ഉറപ്പാക്കൽ | ഉല്ലാസ ഗണിതം അടിസ്ഥാന മാക്കി സംഖ്യാ കാർഡുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | ജൂലൈ ഫെബ്രുവരി | ടീച്ചർ $ പാരൻസ് | |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം കുസൃതി കണക്കുകളും ഗണിത പസ്സിലുകളും പരിചയപ്പെടൽ ഗണിതല ക്യാമ്പ് ഗണിതം കളിയിലൂടെ | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ എസ് എസ് ആർ ജി | |



# S T D 2

## Environment

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| ലക്ഷ്യബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവേ ക്ലാസുകൾ പോസ്റ്റർ രചന മത്സരം അവതരണങ്ങൾ | ജൂൺ ജൂലൈ | Class teacher | |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തും കാഴ്ചയിലേക്ക് കാണാൻ കാഴ്ചകൾ | സെപ്റ്റംബർ മുതൽ ഡിസംബർ | എസ് എം സി ടീച്ചേഴ്സ് എസ് എസ് ആർ ജി | |
| നാട് അറിയാൻ നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം കൃഷിയിടത്തിലേക്ക് നമുക്കും കർഷകരാകാം | ജൂലൈ ആഗസ്റ്റ് | എസ് ആർ ജി നാട്ടുകാർ | |



STD III

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG, Class Teacher | PTA |
| **വായിക്കാം വളരാം** | | | | |
| വായനശേഷി വളർത്തൽ | ക്ലാസ് വായന കൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായന കുറിപ്പ്, ആസ്വാദന കുറുപ്പ്, പുസ്തക സംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | HM, SRG, Class Teacher | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്തു പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | SRG, Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **കണ്ടറിയാം കേട്ടറിയാം** | | | | |
| അറിവ് Documentary യിലൂടെ നേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | |

Std III Malayalam

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രുചിച്ചറിയാം | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യ മേള പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസ്സിലൊരു സദ്യ | വർഷത്തിൽ ഒന്ന് | SRG, Class Teacher, PTA | |
| ഓർക്കാം അഭിമാനിക്കാം | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമദിനങ്ങൾ ആചരിക്കൽ, Documentary പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG, Class Teacher, CPTA | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയാൻ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്സ്മുറിയിലേക്ക് കലാവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിൽ ഒന്ന് | HM, SRG, Class Teacher, CPTA | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | HM, SRG, Class Teacher, CPTA | PTA |


Std III

# ENGLISH

| Aim | Activities | Period | Responsi-bility | Financial Aid |
|---|---|---|---|---|
| **English Assembly** | | | | |
| To develop skill of the children to read, write and speak English | Organize assembly once in a month under the full responsibility & control of the children. | Whole year | Class Teacher | |
| **English Diary** | | | | |
| To increase the ability to write English without mistakes | All activities doing in the school and houses should be noted in the Diary. The same will be checked by the class teacher once in a week. | Whole year | Class Teacher | |
| **English Theatre** | | | | |
| Creativity Development | Skit<br>Drama<br>Conversations<br>Story telling | Once in a month | Class Teacher | PTA |
| **English Magazine** | | | | |
| Development of English Composition Skill | To prepare magazines every three months including the compositions of the children. | Every Quarter | HM, Class Teacher | PTA |
| **English Manuscript (Handwritten)** | | | | |
| Excellence in English Language | Communication with friends about the activities carried out in school during special occasions/days. | Once in a month | Class Teacher | |

Std III

| Aim | Activities | Period | Responsi-bility | Financial Aid |
|---|---|---|---|---|
| **English Corner** | | | | |
| Improvement of Reading | Preparation of "Reading Corner" incorporated with the books interested by the children and Provide reading opportunities, Reading notes & books introduction. | Twice in a month | Class Teacher | |
| **English Fest** | | | | |
| Improve the development of children in writing and speaking English<br><br>(Make confidence in deal with English Language). | Competition of English writing & reading | Once in a year | Class Teacher | PTA |



Std III

# ENVIRONMENT STUDIES
## (പരിസര പഠനം)

| മാസം | പ്രവർത്തനം | ചുമതല |
|---|---|---|
| ജൂൺ | * ചെടികൾ നിരീക്ഷിക്കുന്നു<br>* പ്രകൃതി നടത്തം<br>* വിത്ത് മുളപ്പിക്കൽ<br>* വ്യത്യസ്ത തരം സസ്യങ്ങൾ പൂക്കൾ എന്നിവയെ തിരിച്ചറിയുന്നു<br>* പരിസ്ഥിതി ദിനാചരണം<br>* ഹരിത കാർഡ് നിർമ്മാണം | SRG |
| ജൂലൈ | * വ്യത്യസ്തതരം ജീവികളെ നിരീക്ഷണം<br>* ചിത്രശേഖരണം മണ്ണ് നിരീക്ഷണം<br>* ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>* ശലഭങ്ങൾ വളരുന്ന ചെടികൾ | SRG |
| വർഷം മുഴുവൻ | * സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ | SRG & PTA |
| ഓഗസ്റ്റ് | * മഴ മാപിനി നിർമ്മാണം<br>* ജലസംരക്ഷണം പോസ്റ്റർ നിർമ്മാണം<br>* കിണർ സന്ദർശനം<br>* മണ്ണ് നിരീക്ഷണം<br>* മണ്ണുകൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>* മണ്ണ് കൊണ്ടുള്ള വ്യത്യസ്തതരം പരീക്ഷണങ്ങൾ<br>* ആശയപടം തയ്യാറാക്കൽ | SRG |
| സെപ്റ്റംബർ | * ശുചിത്വ പോസ്റ്റർ നിർമ്മാണം<br>* സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ<br>* ആരോഗ്യ ബോധവൽക്കരണ സെമിനാർ<br>* ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം | SRG & PTA |
| ഒക്ടോബർ | * ഫീൽഡ് ട്രിപ്പ്<br>* പഴം പച്ചക്കറി കട ഫുഡ് ഫെസ്റ്റിവൽ<br>* എൻറെ ആരോഗ്യ കാർഡ് (ഓരോ കുട്ടിക്കും)<br>* സ്കൂൾ പച്ചക്കറി തോട്ടം ഒരുക്കൽ<br>* ശരിയായ ഭക്ഷണശീലം (പോസ്റ്റർ നിർമ്മാണം) | PTA, MPTA & SRG |

Std III

| മാസം | പ്രവർത്തനം | ചുമതല |
|---|---|---|
| നവംബർ | * ആരോഗ്യ വിദഗ്ദരുടെ ക്ലാസ്<br>* റോൾപ്ലേ<br>* റോഡ് നിയമങ്ങൾ<br>* ഫസ്റ്റ് എയ്ഡ് കിറ്റ് തയ്യാറാക്കൽ<br>* സ്വയം സുരക്ഷാ പത്ര കട്ടിംഗ്<br>* ചർച്ച<br>* ബോധവൽക്കരണം | SRG & CPTA |
| ഡിസംബർ | * പരീക്ഷണങ്ങൾ<br>* നിരീക്ഷണ പ്രവർത്തനം (Globe, ICT)<br>* ഗ്ലോബ് നിർമ്മാണം<br>* ദേശീയ പതാക വരക്കൽ<br>* ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>* ഭൂപട വായന<br>* എൻ്റെ കേരളം ചിത്രരചന<br>* കുറിപ്പ്<br>* ചോദ്യോത്തര പയറ്റ്<br>* ഭൂപ്രകൃതി തിരിച്ചറിയൽ | SRG |
| ജനുവരി & ഫെബ്രുവരി | * ജീവികളുടെ കൂടുകൾ (ചിത്രശേഖരണം)<br>* വ്യത്യസ്തതരം വീടുകൾ (ആൽബനിർമ്മാണം)<br>* വീട് നിർമ്മാണയിടം - സന്ദർശനം<br>* വ്യത്യസ്തതരം ജോലികൾ<br>* സർവ്വേ<br>* ഇൻറർവ്യൂ<br>* ഫീൽഡ് വിസിറ്റ് (പൊതു സ്ഥാപനം) | SRG & PTA |
| മാർച്ച് | * പഠനോത്സവം | PTA, SMC, SSK & SRG |

GOOD EDUCATION FOR
TOMORROW'S BRIGHT FUTURE

Std III

## MATHEMATICS
## (ഗണിതം)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ-ത്തികം |
|---|---|---|---|---|
| ജാമിതീയ സൗന്ദര്യം തിരിച്ചറിയാം | * ഒറിഗാമി ശില്പശാല<br><br>* രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും<br><br>* ഒറിഗാമി രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ജൂലൈ | SRG | |
| ഗണിതം ലളിതമാക്കാൻ കളികളിലൂടെ | * മെട്രിക് മേള ഗണിതോത്സവം | ഓഗസ്റ്റ് | Class Teacher | |
| ഗണിത ലാബ് | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | * ഗണിത ലാബ് ഒരുക്കൽ പഠനത്തിനു ഉപയോഗപ്പെടുത്തൽ | ഒക്ടോ-ബർ | SRG | |
| ഗണിത ചുമർ | | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | * ഗണിത ചുമർ ഒരിക്കൽ<br><br>* ഉപയോഗപ്പെടുത്തൽ | | SRG & Class Teacher | |
| ഗണിത മേള | | | | |
| ഗണിതശേഷികളുടെ പ്രകടനം | * പ്രശ്നോത്തരി പസിൽ പാറ്റേൺ<br><br>* പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം | ജനുവരി | SRG & Class Teacher | |

# 2025

# അക്കാദമിക് മാസ്റ്റർ പ്ലാൻ

നാലാം ക്ലാസ്

## ലക്ഷ്യം:

നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാക്ഷയിലും ഗണിതത്തിലും , പരിസരപഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക എന്ന ലക്ഷ്യ ബോധത്തോടെ ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരി പോഷിപ്പിക്കുക

## പൊതുതത്വങ്ങൾ

- 1. കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം
- 2. സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- 3. സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- 4. സാങ്കേതിക വിദ്യയുടെ ഫല പ്രദമായ ഉപയോഗം .



# 1. ഭാഷാപഠനം (മലയാളം)

std 4

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടു വരൽ. | ലക്ഷ്യം നോട്ടുന്നതു വരെ | **SRG,Class teacher** | **PTA ഫണ്ട്** |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | | | | |
| വായിക്കാം വളരാം | വായനാ ശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ - പുസ്തക പരിചയം. | | | | |
| വായനാകുറിപ്പ് ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം ( വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | | | | |
| എഴുത്തുകാരുമായി അടുത്തറിയൽ. | ലേഖന ശേഷി വർദ്ധിപ്പിക്കൽ,സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | Class Teacher | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| കണ്ടറിയാം കേട്ടറിയാം | I C T അറിവ് ഡോക്യുമെന്ററി | ആവശ്യാനുസരണം | Class Teacher | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG CLASS TEACHER | PTA |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ | | | | |



# 2. വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ക്ലാസ് ടീച്ചർ ഫലപ്രദമായി ദിവസം (വർഷം വായിക്കാനും മുഴുവൻ) | | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| **Simple english sentence** | തെറ്റില്ലാതെ ഇംഗ്ലീഷ്എഴുതാനുള്ള ശേഷി | ആഴ്ചയിൽ മൂന്ന്. ദിവസം (വർഷം മുഴുവൻ) | Class teacher | |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ **(Skit, Drama, Conversation, Story Telling).** | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനാശേഷി വികസനം | മൂന്ന്മാസത്തിലൊരിക്കൽ | Class teacher | PTA |
| കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. (കൈയെഴുത്ത്) | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | 10 MONTHS | Class teacher | |
| **English corner** | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | Class teacher | parents |

## 3. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾആസൂത്രണം ചെയ്യൽ-നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ(ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (എണ്ണിയും പാമ്പും, ഡയസ് കളി, സങ്കലനം-വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെപഠിക്കാം. | ഗണിത ശാസ്ത്ര പഠനംരസകരമാക്കൽ | വർഷത്തിലൊരിക്കൽ (ഉചിതമായസമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | SRG<br>Class Teacher | PTA |
| ഗണിത പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG<br>Class Teacher | PTA |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം | വർഷത്തിലൊന്ന് | SRG<br>Class Teacher | PTA |
| പസിൽ, പാറ്റേൺ<br>Maths Magazine | | വർഷത്തിലൊന്ന് | Class Teacher | |

Std 4

## 4. അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം- അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM<br>CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM<br>SRG<br>Class Teacher | PTA |
| ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM<br>SRG<br>Class Teacher | parents |
| കേരളം - ഇന്ത്യ- ഭൂപട വായന. | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | Class Teacher | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെനേടിയ അറിവുകളുടെ പ്രയോഗ | വർഷത്തിലൊരിക്കൽ | HM<br>SRG<br>Class Teacher | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശന (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | അറിവുകളുടെ രചന. | വർഷത്തിലൊരിക്കൽ | SRG<br>Class Teacher | PTA |

# മേഖല അക്കാദമികം
# ഗണിതം

## ലക്ഷ്യങ്ങൾ

- ഗണിത പിന്നോക്കാവസ്ഥ പരിഹരിക്കുക
- ഗണിതത്തിൽ സമർത്ഥരായ കുട്ടികളെ കണ്ടെത്തി പൂർണ്ണതയിൽ എത്തിക്കുക
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ഗണിത പഠനത്തിൽ പങ്കാളികളാക്കുക
- ഗണിത ആസ്വാദ്യകരമാക്കുക
- ഗണിത അഭിരുചി വളർത്തുക
- ഗണിതത്തിലൂടെ സ്വന്തം ജീവിതം മെച്ചപ്പെടുത്താനുള്ള കഴിവ് മനോഭാവവും വളർത്തുക
- ഗണിത പഠനശേഷി വികസിപ്പിക്കുക
- ആധുനിക സാങ്കേതികവിദ്യയിലൂടെ ഗണിത പഠനങ്ങൾ ലളിതമാക്കു

# UP MATHS

# 2025

| Sl no | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | *ഗണിതശില്പശാല* കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ളപ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്. മുത്തുകൾ) തുടങ്ങിയവ ഉപയോഗിക്കുന്നു. | ജൂൺ | ഗണിത അധ്യാപിക | |
| 2. | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമ മാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യമായ അവസരങ്ങളിൽ | ഗണിത അധ്യാപിക | |
| 3. | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ,ചതുഷ്ക്രിയകൾ ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക | |

| Up maths 2 | | | | | |
|---|---|---|---|---|---|
| Sl no | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 4. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും ഗണിതത്തിൽ മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ രണ്ടു പിരീഡ് | ഗണിത അധ്യാപകരും കുട്ടികളും | |

# UP Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ ജൈവവൈവിദ്യ രജിസ്റ്റർ നിർമ്മാണം അടുത്തുള്ള കുളം, കാവുകൾ എന്നിവയുടെ സന്ദർശനം | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ | |
| 2) ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | പരീക്ഷണകളരി നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ പരീക്ഷണക്കുറുപ്പ് എന്നിവ നിർമ്മിക്കുന്നു | ജൂലൈ | ശാസ്ത്ര അധ്യാപകൻ | |

UP Science 2

| | | | | |
|---|---|---|---|---|
| 3)കൃഷിയുമായി ബന്ധപ്പെട്ട ശാസ്ത്ര ആശയങ്ങൾ ദൃഢപ്പെടുത്തുക | ഫീൽഡ് ട്രിപ്പ് വെള്ളായണി കാർഷിക കോളേജ് നഴ്സറി ഗാർഡൻ എന്നിവ സന്ദർശനം | ജൂലൈ | ശാസ്ത്ര അധ്യാപകർ | രക്ഷിതാക്കൾ |
| 4) ആകാശ വിസ്മയ കാഴ്ചകൾ നേരിട്ട് മനസ്സിലാക്കാൻ | ഫീൽഡ് ട്രിപ്പ് പ്രിയദർശനി പ്ലാനറ്റോറിയം സന്ദർശിക്കൽ | നവംബർ | ശാസ്ത്ര അധ്യാപിക | രക്ഷിതാക്കൾ |

UP

# സാമൂഹ്യശാസ്ത്രം

| SL NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങൾ നേടിയെടുക്കൽ, പരിശോധിക്കൽ | ഇന്ത്യ,കേരളം നദികൾ,അതിർത്തി,ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ ഭാഷ സംസ്കാരം തുടങ്ങിയ അടിസ്ഥാന ആശയങ്ങൾ ICT യുടെ സഹായത്തോടെ പഠിതാവിന്റെ ഓർമകൾ പരിശോധിക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. | പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ഫീൽഡ് ട്രിപ്പ് ........ മ്യൂസിയം , പുരാവസ്തുക്കളുടെയും, ചരിത്രപരമായ കാഴ്ചകളുടെയും സന്ദർശനത്തിലൂടെ കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു . | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | PTA, Teacher |
| 3 | ക്രിമിനൽ പ്രവർത്തനങ്ങളെ ക്കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സൈബർ കുറ്റകൃത്യങ്ങൾ, റോഡ് സുരക്ഷ, ജീവിതത്തിൽ പാലിക്കേണ്ട നല്ല ശീലങ്ങൾ എന്നിവയെക്കുറിച്ച് I CT യുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

up SS
2

| Sl no | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4 | പൗരവിദ്യ: ഭരണ സംവിധാനം, ജനാധിപത്യം, നാഗരിക ആവശ്യങ്ങൾ, ഉത്തരവാദിത്വങ്ങൾ, നിയമങ്ങൾ എന്നിവയെ കുറിച്ച് പഠിതാക്കളിൽ ആശയം എത്തിക്കുന്നു | സോഷ്യൽ സയൻസ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ചർച്ച, പോസ്റ്റർ നിർമ്മാണം ക്ലാസ് തലത്തിൽ വിദ്യാർത്ഥികളെ പാർട്ടികളായി വിഭജിച്ച് സ്ഥാനാർത്ഥികളെ നിശ്ചയിച്ച് തിരഞ്ഞെടുപ്പ് നടത്തുക - പ്രചാരണ പ്രവർത്തനം, വോട്ടെടുപ്പ്, ഫലപ്രഖ്യാപനം നടത്തുക | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | ------ |
| 5 | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് അതാത് പാഠഭാഗങ്ങളിൽ നിന്നും GK ചോദ്യങ്ങളും ഉത്തരങ്ങളും നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു | സോഷ്യൽ സയൻസ് ക്ലബൻെറ ആഭിമുഖ്യത്തിൽ ചരിത്ര പ്രാധാന്യമുള്ള ദിനാചരണവുമായി ബന്ധപ്പെട്ട് ക്ലാസ് സ്ഥലത്ത് വാരാന്ത്യ/മാസാന്ത്യ ക്വിസ് നടത്തുക. പാഠഭാഗങ്ങളിൽ നിന്നുള്ള പ്രധാനപ്പെട്ട ഒറ്റവാക്ക് ചോദ്യങ്ങൾ തയ്യാറാക്കുവാനും കുട്ടികൾക്ക് അവതരിപ്പിക്കുവാനും അവസരം നൽകുക ഡെയ്‌ലി G.K Corner- ഓരോ ദിവസവും ഒരു വിദ്യാർത്ഥിക്ക് ഒരു G.K ചോദ്യവും ഉത്തരവും ക്ലാസിൽ അവതരിപ്പിക്കാൻ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

4p SS 3

| | | | | | |
|---|---|---|---|---|---|
| | | അവസരം നൽകുക<br>ചിത്ര ക്വിസ്-<br>ചരിത്രപുരുഷന്മാർ,<br>ദേശീയ ചിഹ്നങ്ങൾ,<br>ഭൂപടങ്ങൾ<br>മുതലായവയുടെ<br>ചിത്രങ്ങൾ കാണിച്ച്<br>അതുമായി ബന്ധപ്പെട്ട<br>ചോദ്യങ്ങൾ<br>ചോദിക്കുക<br>വീഡിയോ/ഓഡിയോ<br>ക്വിസ് ക്ലാസ്സിൽ<br>പ്രദർശിപ്പിക്കുക | | | |

# UP മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന വികസനം ആശയപരമായ വികസനം നടത്താനും പദസമ്പത്ത് വളർത്തി യെടുക്കുന്നതിനു ം വിദ്യാർത്ഥികളെ പ്രാപ്തരാക്കുക. | അവധിക്കാലത്തിൽ ഉണ്ടായ അനുഭവങ്ങളെ കഥ,കവിത, അനുഭവക്കുറിപ്പ് എന്നി രീതിയിൽ കുട്ടികൾ അവതരിപ്പിക്കുന്നു | ജൂൺ | മലയാളം അധ്യാപകർ | |
| കുട്ടികളിൽ നല്ല രീതിയിൽ വായന ഉറപ്പുവരുത്തുക. | പത്രം മാസികകളിൽ ലൈബ്രറി ബുക്കുകൾ എന്നിവ വായിക്കുകയും അതിലൂടെ ഉച്ചാരണ വ്യക്തത കൈവരിക്കുന്നതി ലെ പ്രവർത്തനങ്ങൾ നൽകുന്നു | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്ക ൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ കഥകൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | അവസരം നൽകുന്നു | | | |
| കുട്ടികളുടെ വായന പ്രോത്സാഹിപ്പിക്കുന്നതിലേക്ക് മധുരവാണിയിലൂടെ അവതരണം | റേഡിയോ ജോക്കി കുട്ടികൾ അവർ വായിച്ച കഥയിലെയും കവിതയിലെയും ആശയങ്ങൾ അതുപോലെ അതിലെ കഥാപാത്രങ്ങളുടെ പ്രത്യേകതകൾ ഇഷ്ടപ്പെട്ട സന്ദർഭം ഇതെല്ലാം മധുര വാണിയിലൂടെ അവതരണം നടത്തുന്നു | ആഴ്ചയിൽ രണ്ടു ദിവസം | സ്കൂളിലെ എല്ലാ അധ്യാപകരുടെയും പിന്തുണ | |



# U P

# English

## Aim:

**To develop confident, competent and creative users of English who can communicate effectively in academic and real life contexts.**

**Build strong foundational skills in listening, speaking, reading and writing(LSRW)**

**Time:June-March**

## Pretest:

**To check the vocabulary and writing skills of pupils**

## Reading skills

- **comprehension of unseen passages**
- **vocabulary development**
- **extract based questions from textbook prose/poems**

## Writing skills

- **paragraph**
- **Informal /Formal letters**

## Activities

- comprehension questions: after reading a passage, ask a mix of direct and inferential questions to check understanding and encouraging deeper thinking

- concept mapping: Have students create mind maps of main ideas, characters or from the text.This helps organize information visually and aids recall

- Reading comprehension quizzes
- Partner reading: pair students to read together

**September -November**

- To develop creative writing practice and speaking

## Reading skills

- library books
- reads breaking news
- read notice

## Writing skills

- Diary entries
- Story writing
- Message writing
- Descriptive writing

## Activities

- **Creative writing-stories, diary entries, descriptions.**
- **Quick writes:Give students a prompt and a short time (5-10min) to write whatever comes to mind**
- **Picture or Art based writing:Show students an interesting photo or artwork and ask them to write a story or description inspired by it**
- **Story chains, Picture story telling**
- **Debates and group discussions**

**December -March**

- **To develop Reading skills writing skills and Grammar knowledge**
- **Grammar Basics**
- **Nouns,Pronoun,Verbs Adjectives,Tenses, Preposition,Articles**

## Activities

- **Sentence building flash cards**
- **Fill in the blanks**
- **Spot the mistakes**
- **True /False grammar rules**
- **Online Grammar activities**

# യു.പി. ഹിന്ദി

## മേഖല : ഭാഷാ പഠനം

### ഉപമേഖല :ഹിന്ദി ഭാഷാ പഠനം

- *എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക
- *ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുക
- *ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- *ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഹിന്ദി ഭാഷയോടുള്ള സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.

## *പ്രവർത്തനങ്ങൾ*

### വായന

- *ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ കുട്ടികളുടെ അധിക വായന ലക്ഷ്യമാക്കിക്കൊണ്ട് ഹിന്ദി പുസ്തകങ്ങളും,വായന കാർഡുകളും സമാഹരിച്ചുകൊണ്ട് എന്റെ വായന മൂല ഒരുക്കും .
- വലിയ അക്ഷരങ്ങളോട് കൂടിയതും വർണ്ണ ചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ ഹിന്ദി കഥ ബുക്കുകൾ ചിത്രകഥകൾ ബാല മാസികകൾ വായന കാർഡുകൾ എന്നിവ ഗ്രന്ഥശാലയിൽ ലഭ്യമാക്കും

- *വായന കാർഡുകൾ തയ്യാറാക്കൽ-ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാനും ചിഹ്നങ്ങൾ തിരിച്ചറിയാനും വാക്കുകൾ, വാക്യങ്ങൾ എന്നിവ പരിചയപ്പെടാനുംകുട്ടികളെ പ്രാപ്തരാക്കുന്ന തരത്തിലുള്ള വായന കാർഡുകൾ തയ്യാറാക്കും.

- *പഴങ്ങൾ പച്ചക്കറികൾ പക്ഷി മൃഗാദികൾ വൃക്ഷങ്ങൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും രാഷ്ട്ര നേതാക്കൾ ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് പേര് ചേർത്ത് വായനക്കായി ഒരുക്കും

- *ദേശീയ ഗാനം പ്രതിജ്ഞ ഹിന്ദി അക്കങ്ങൾ മാസങ്ങൾ എന്നിവയും സ്ഥിരമായി വായിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കും.

- *ബാല ഗീതങ്ങൾ കവിതകൾ ലഘു പ്രസംഗം എന്നിവയ്ക്കുള്ള അവസരം ക്ലാസിൽ നൽകും.

## 1l ഹിന്ദി എഴുത്ത്

- *അഞ്ചാം ക്ലാസിലെ കുട്ടികൾക്ക് കോപ്പി ബുക്ക്.കോപ്പി ബുക്കിൽ വൃത്തിയായി എഴുതും ബാലഗീതങ്ങൾ കവിതകൾ എന്നിവ എഴുതി ശേഖരണ ബുക്കായും കോപ്പി ബുക്ക് ഉപയോഗിക്കും.
- *പാഠപുസ്തകവുമായി ബന്ധപ്പെട്ട് വരുന്ന ചിത്രങ്ങൾ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വരുന്ന പോസ്റ്ററുകൾ മറ്റ് വ്യവഹാര രൂപങ്ങൾ വർക്ക് ഷീറ്റുകൾഎന്നിവ നൽകി ലഭിക്കുന്ന പ്രോഡക്റ്റുകൾ പ്രദർശിപ്പിക്കും

## *ഹിന്ദി ആസ്വാദനം

### *പ്രവർത്തനങ്ങൾ*

- *വിദ്യാർത്ഥികൾക്ക് അവതരണ രംഗത് ശോഭിക്കുന്നതിനായി അവസരം ഒരുക്കും കവിതകളുടെ കൊറിയോഗ്രാഫി തയ്യാറാക്കി അവതരിപ്പിക്കും. വിദ്യാലയത്തിലെ മധുരവാണി റേഡിയോ ഇത്തരത്തിൽ പ്രയോജനപ്പെടുത്തും

## ഹിന്ദി അസംബ്ലി

### *പ്രവർത്തനങ്ങൾ*

- മാസത്തിൽ ഒരു ദിവസം ഹിന്ദി അസംബ്ലി നടത്തും .പ്രാർത്ഥന ,പ്രതിജ്ഞ വാർത്താപാരായണം,സുവിചാർ എല്ലാം ഹിന്ദിയിൽ തന്നെ അവതരിപ്പിക്കും

## ഹിന്ദി മത്സരങ്ങൾ

- ഹിന്ദിയിൽ പാടാനും പറയാനും എഴുതാനും മികവു പുലർത്തുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ മത്സരങ്ങൾ നടത്തും കവിതാരചന പ്രസംഗം, കവിത പാരായണം , കഥാപൂരണം തുടങ്ങിയവ ഉൾപ്പെടുത്തും

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| 1.<br><br>യുപിതലത്തിലെ എല്ലാ കുട്ടികൾക്കും ഹിന്ദി അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • പഠനവിടവ് കണ്ടെത്തുക.<br>• അക്ഷര കാർഡ് തയ്യാറാക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• വാക്കുകൾ നിർമ്മിക്കുക<br>• വാക്യങ്ങൾ നിർമ്മിക്കുക<br>• ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് ഹിന്ദി വായനാ മൂല ഒരുക്കുക<br>• 5 6 7 ക്ലാസിന്റെ നിലവാരം അനുസരിച്ചുള്ള വർണ്ണ ചിത്രങ്ങൾ നിറഞ്ഞ ലളിതമായ വായന സാമഗ്രികൾ സമാഹരിച്ച് വായനയ്ക്കായി നൽകും<br>• സി ഡബ്ല്യു എസ് എൻ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ വായന കാർഡ് തയ്യാറാക്കും | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപിക പിടിഎ /കുട്ടികൾ | ബി ആർ സി എസ് എം സി സംഘടനകൾ |
| 2,<br><br>കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്ന | • *സ്കൂളിലെയും ക്ലാസ് മുറിയിലെയും പരിസരത്തെയും വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു | പിടിഎ ബി ആർ സി ഹിന്ദി ടീച്ചർ |

| | | | | |
|---|---|---|---|---|
| തുമായ വസ്തുക്കളുടെ പേരുകൾ പഠിക്കുക | തയ്യാറാക്കുക<br>• *ഐസിടി സഹായത്തോടെ വാക്കുകളും വസ്തുക്കളും പരിചയപ്പെടൽ<br>• *വസ്തുക്കൾ ചാർട്ട് ചെയ്യുക<br>• *സ്കൂളിന്റെ പരിസരത്ത് സൂചന ബോർഡുകളും പേരുകളും എഴുതി പ്രദർശിപ്പിക്കുക | | | |
| 3. ആശയങ്ങൾ പഠന നേട്ടം എന്നിവ എല്ലാ കുട്ടികളും ഉറപ്പിക്കുക (സുരിലി ഹിന്ദി) | • *ഹിന്ദി അസംബ്ലി<br>• *ദിനാചരണ പ്രവർത്തനങ്ങൾ<br>• (സെപ്റ്റംബർ 14 ജനുവരി 10)<br>• *ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• *ചിത്രം- കഥ പറയൽ കഥയെഴുതൽ<br>• കഥ പൂർത്തിയാക്കൽ | നവംബർ മുതൽ ജനുവരി വരെ | പുസ്തക ങ്ങൾ | പിടിഎ ബി ആർ സി സംഘടനകൾ പൂർവവിദ്യാർ ത്ഥികൾ |
| 4. ഹിന്ദി സംസാരിക്കാനും ദേശസ്നേഹം വളർത്താനും ഭാഷയോടുള്ള സ്നേഹം വളർത്തുക | *ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ<br>*ഹിന്ദി അസംബ്ലി<br>*.മത്സരങ്ങൾ സംഘടിപ്പിക്കും<br>* ദിനാചരണ പതിപ്പുകൾ<br>* ചുമർപത്രിക<br>* പ്രസംഗം<br>* ഹിന്ദി കയ്യക്ഷര മത്സരം<br>* വായനാ മത്സരം<br>* ഹിന്ദി മാഗസിൻ | ജനുവരി മുതൽ മാർച്ച് വരെ | പുസ്തക ങ്ങൾ മാസികക ൾ ഹിന്ദി വായന സാമഗ്രികൾ | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## മേഖല - പ്രവൃത്തി പഠനം

### ആമുഖം

പഠിതാവിന്റെ സമ്പൂർണവും സമഗ്രവുമായ വികസനമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ശാരീരികവും വൈകാരിക-വൈജ്ഞാനിക മേഖലകളുടെ സംയോജനവും വികാസവും സാധ്യമാക്കുന്നതിന് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാഠ്യ വിഷയമാണ് പ്രവൃത്തി പഠനം. സമൂഹത്തിന് പ്രയോജനപ്രദമായ സേവനങ്ങളി ലേക്കോ ഉല്പന്ന നിർമിതിയിലേക്കോ വിദ്യാർത്ഥികളെ നയിക്കുന്ന പ്രക്രിയയാണ് പ്രവൃത്തിപഠനം.

സ്കൂൾ പ്രവൃത്തി പഠനത്തിലൂടെ മാനവശേഷി വികാസം മാത്രമല്ല നാം ലക്ഷ്യ മിടുന്നത്. അസംസ്കൃത വസ്തുക്കൾ, ഉപകരണങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യു ന്നതിനുള്ള കഴിവുകൾ നേടുന്നതിലൂടെ മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്കാരവും അതു വഴി മാനസികോല്ലാസവും കുട്ടികളിൽ വളരുന്നു. അത് അവരിൽ പലവിധത്തിലുള്ള മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക മാത്രമല്ല തൊഴിലിനോടും തൊഴിൽ ചെയ്യു ന്നവരോടും അഭിമുഖ്യം ജനിപ്പിക്കുകയും സാമൂഹ്യബന്ധം മെച്ചപ്പെടുത്തുകയും സഹ കരണ മനോഭാവം വളർത്തി വ്യക്തിത്വ വികസനം സാധ്യമാക്കുകയും ചെയ്യുന്നു. അറിവു നേടുന്നതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് അതിനുള്ള വഴികൾ കണ്ടെ ത്തുന്നതും. പഠിച്ചതു പ്രയോഗിക്കാനും പ്രായോഗിക അനുഭവങ്ങൾ നേടികൊണ്ട് മെച്ച പ്പെട്ട തൊഴിൽ സംസ്കാരം രൂപവൽക്കരിക്കാനുമുള്ള ശേഷി നേടലാണ് പ്രവൃത്തി പഠനം കൊണ്ട് സാധ്യമാക്കുന്നത്. ജീവിതനൈപുണികളുടെ വികാസത്തിലൂടെ ദേശീയ വികസനത്തിന് തന്റേതായ സംഭാവനകൾ നൽകാൻ പ്രവർത്തിപഠനം വ്യക്തിയെ സഹായിക്കുന്നു.

### പ്രവൃത്തിപഠനത്തിന്റെ ലക്ഷ്യങ്ങൾ

1. മാനവശേഷി വികസനത്തിലൂടെ എല്ലാ പൗരന്മാരുടെയും ശേഷികളും കഴിവു കളും രാഷ്ട്രനിർമ്മാണത്തിനുതകുന്ന രീതിയിൽ വളർത്തിയെടുക്കുക.
2. തൊഴിൽ സന്നദ്ധത, തൊഴിലിനോട് ആഭിമുഖ്യമുള്ള തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്ന സാമൂഹ്യബോധമുള്ള പുതിയ ഒരു തൊഴിൽ സംസ്കാരത്തിന്റെ വക്താക്കളായി പുതിയ തലമുറയെ വാർത്തെടുക്കുക.
3. ഉല്പാദനരംഗത്തെ സ്വാശ്രയത്വം.
4. സന്തുലിത വ്യക്തിത്വ വികസനം മൂല്യങ്ങളും മനോഭാവങ്ങളും വളരാൻ.

### പ്രവർത്തനങ്ങൾ

1. സോപ്പ് നിർമ്മാണം
2. ചോക്ക് നിർമ്മാണം
3. ഒറിഗാമി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| • സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനു നിർമ്മാണം, രൂപകല്പന തുടങ്ങിയവയിലുള്ള ധാരണയും കഴിവും പ്രയോജനപ്പെടുത്തുക | **സോപ്പ് നിർമ്മാണം**<br>**ഉപപ്രവർത്തനങ്ങൾ**<br>1. വിവിധയിനം സോപ്പുകളെ കുറിച്ചുള്ള ബോധവൽക്കരണം<br>2. സോപ്പ് നിർമ്മാണത്തിലെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകൽ<br>3. പ്രവർത്തന ഡയറി തയ്യാറാക്കൽ | 2018 ജൂൺ - മാർച്ച് | പ്രവൃത്തി പരിചയ ക്ലബ്ബ് | SMC | |
| • ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് നിർമ്മാണം രൂപകല്പന എന്നിവയിലുള്ള ധാരണയും കഴിവും പ്രയോജനപ്പെടുത്തുക | **ചോക്ക് നിർമ്മാണം**<br>**ഉപപ്രവർത്തനങ്ങൾ**<br>1. നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നു.<br>2. നിർമ്മാണ ഘട്ടങ്ങൾ സ്വയം വിശദീകരിക്കുന്നു. | 2018 ജൂൺ-മാർച്ച് | പ്രവൃത്തി പരിചയ ക്ലബ് | SMC | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| • പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക<br><br>• CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക | <u>ഒറിഗാമി</u><br><u>ഉപപ്രവർത്തനങ്ങൾ</u><br>1. വിവിധതരം പേപ്പറുകൾ പരിചയപ്പെടുത്തുന്നു.<br><br>2. നിർമ്മാണ ഘട്ടത്തിലെ വൈവിധ്യത തിരിച്ചറിയുന്നു. | 2018 ജൂൺ-മാർച്ച് | പ്രവൃത്തി പരിചയ ക്ലബ്ബ് | SMC | |

മേഖല : പ്രവൃത്തി പഠനം

പ്രവർത്തനം - 1

സോപ്പ് നിർമ്മാണം

ആമുഖം

പഠനത്തോടൊപ്പം സ്വയം തൊഴിൽ പരിശീലനം നേടുന്നതുവഴി കുട്ടികൾക്ക് ആത്മവിശ്വാസം വർദ്ധിക്കുകയും തൊഴിലിനോടുള്ള ബഹുമാനം ഉണ്ടാവുകയും ചെയ്യുന്നു. കുറഞ്ഞ ചെലവിൽ ഗുണനിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ നിർമ്മിക്കുന്നതുവഴി അവർക്ക് സ്വാശ്രയത്വം വർദ്ധിക്കുന്നു.

ലക്ഷ്യം

സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനു നിർമ്മാണം രൂപകൽപ്പന തുടങ്ങിയ വയിലുള്ള ധാരണയും കഴിവും പ്രയോജനപ്പെടുത്തുക.

ഉപപ്രർത്തനങ്ങൾ

1. വിവിധതരം സോപ്പുകളെകുറിച്ച് അറിയാൻ കഴിയുന്നു.

2. സോപ്പ് നിർമ്മാണത്തിലെ വിവിധ ഘട്ടങ്ങൾ നേരിട്ട് മനസിലാക്കുകയും പ്രവർത്തനത്തിലേർപ്പെടുകയും ചെയ്യുന്നു.

3. പ്രവർത്തന ഡയറി തയ്യാറാക്കുന്നു.

പ്രതീക്ഷിത നേട്ടങ്ങൾ

കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള സോപ്പുകൾ നിർമിക്കുകയും ഉപയോഗി ക്കുകയും വില്പന നടത്തുകയും വരുമാനം നേടുകയും ചെയ്യുന്നു.

| | | |
|---|---|---|
| കാലദൈർഘ്യം | - | 2018 ജൂൺ - മാർച്ച് |
| ചുമതല | - | പ്രവൃത്തി പരിചയ ക്ലബ്ബ് |
| സാമ്പത്തികം | - | SMC ഫണ്ട് |

## പ്രവർത്തനം - 2

## ചോക്ക് നിർമ്മാണം

### ആമുഖം

കുട്ടികൾ ദൈനംദിനം കൈകാര്യം ചെയ്യുന്ന ഉൽപ്പന്നങ്ങളെക്കുറിച്ച് കൂടുതലറിയാനും അവ നിർമ്മിക്കുന്ന അസംസ്കൃത വസ്തുക്കളെക്കുറിച്ചും നിർമ്മാണ പ്രക്രിയയെ കുറിച്ചും മനസ്സിലാക്കാനും പ്രവൃത്തി പരിചയ പഠനം അവരെ സഹായിക്കുന്നു.

### ലക്ഷ്യം

- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് നിർമ്മാണം, രൂപകൽപ്പന എന്നിവയിലുള്ള ധാരണയും കഴിവും പ്രയോജനപ്പെടുന്നതിന്.

### ഉപപ്രവർത്തനങ്ങൾ

1. നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ തിരിച്ചറിയുന്നു.
2. നിർമ്മാണ ഘട്ടങ്ങൾ പട്ടികപ്പെടുത്തുന്നു.
3. സ്വയം നിർമ്മിക്കുകയും പ്രക്രിയ ഘട്ടങ്ങൾ വിശദമാക്കുകയും ചെയ്യുന്നു.

| | | |
|---|---|---|
| കാലദൈർഘ്യം | - | 2018 ജൂൺ - മാർച്ച് |
| ചുമതല | - | പ്രവൃത്തി പരിചയ ക്ലബ്ബ് |
| സാമ്പത്തികം | - | SMC ഫണ്ട് |

### പ്രതീക്ഷിത നേട്ടങ്ങൾ

കുട്ടികൾ സ്വയം തൊഴിൽ പരിശീലനം നേടുന്നതോടൊപ്പം സ്കൂളിനാവശ്യമായ ചോക്കുകൾ നിർമ്മിച്ച് സ്വയം പര്യാപ്തത നേടുന്നു.

## പ്രവർത്തനം - 3

## ഒറിഗാമി

### ആമുഖം

പഠനം രസകരമാക്കുന്നതോടൊപ്പം അലങ്കാരവസ്തുക്കൾ, പലതരം രൂപങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനും പലതരം പേപ്പറുകളെകുറിച്ച് അറിയാനും ഒറിഗാമി പരിശീലനം സഹായകമാകുന്നു. പേപ്പറുകൊണ്ട് ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നതുവഴി ഈ പ്രവർത്തനത്തെ ഗണിതവുമായി ബന്ധിപ്പിക്കാനും കഴിയുന്നു.

### ലക്ഷ്യം

1. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെയും CWSN കുട്ടികളെയും നേർധാരയിൽ എത്തിക്കുക.
2. പഠനം രസകരമാക്കുക

### ഉപപ്രവർത്തനങ്ങൾ

1. പേപ്പറുകൾ പലരൂപത്തിലാക്കി മടക്കാനും നിർദ്ദേശങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തുകയും ചെയ്യുന്നു.
2. വിവിധതരം പേപ്പറുകൾ പരിചയപ്പെടുന്നു.
3. നിർമ്മാണഘട്ടത്തിലെ വൈവിധ്യത തിരിച്ചറിയുന്നു.
4. പേപ്പർ ഉപയോഗിച്ച് നിർമിക്കാവുന്ന രൂപങ്ങളെ കുറിച്ച് അറിവ് നേടുന്നു.
5. ICT സാധ്യത ഉപയോഗപ്പെടുത്തുന്നു.

| | | |
|---|---|---|
| കാലദൈർഘ്യം | - | 2018 ജൂൺ - മാർച്ച് |
| ചുമതല | - | പ്രവൃത്തി പരിചയ ക്ലബ്ബ് |
| സാമ്പത്തികം | - | SMC ഫണ്ട്. |

### പ്രതീക്ഷിത നേട്ടങ്ങൾ

പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ മുൻനിരയിലെത്തിക്കാൻ സഹായിക്കുന്നു. കുട്ടികളിൽ സൂക്ഷ്മത, കൃത്യത എന്നീ ശേഷികൾ വികസിപ്പിക്കാനും പഠനം രസകരവും താൽപര്യം ജനിപ്പിക്കുന്നതുമാകുന്നു.

## ട്രേ നിർമ്മാണം

**ആമുഖം**

മെറ്റൽ ഷീറ്റുകൊണ്ട് വീട്ടുപകരണങ്ങൾ, വാൾപ്ലേറ്റുകൾ മറ്റ് അലങ്കാര വസ്തുക്കൾ കൗതുക വസ്തുക്കൾ എന്നിവ നിർമിക്കാവുന്നതാണ്. വീട്ടുപകരണങ്ങളിൽ വളരെ ഉപയോഗപ്രദമായ ചട്ടുകം, ട്രേ, കോരുവ എന്നിവ നിർമ്മിച്ച് ഉപയോഗിക്കാം.

**ലക്ഷ്യം**

ഉപകരണങ്ങൾ രൂപകല്പന ചെയ്യാനുള്ള വൈദഗ്ദ്യം, ധാരണ എന്നിവ പ്രയോജനപ്പെടുന്നതിന്.

**ഉപപ്രവർത്തനങ്ങൾ**

1. നിർമ്മാണ പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുന്നു.
2. വിവിധ തരം ഷീറ്റ് മെറ്റലുകളുടെ ഉപയോഗം, വ്യത്യാസം എന്നിവ മനസ്സിലാകുന്നു.
3. പൂർത്തീകരിച്ച ഉൽപ്പന്നം പ്രദർശിപ്പിച്ച് സ്വയം വിലയിരുത്തലിനും പരസ്പരം വിലയിരുത്തലിനും വിധേയമാകുന്നു.

സാമ്പത്തികം - SMC ഫണ്ട്

**പ്രതീക്ഷിത നേട്ടങ്ങൾ**

സ്വയം തൊഴിൽ വൈദഗ്ദ്യം നേടുന്നതിന് പ്രയോജനപ്പെടുന്നു.

മേഖല : അക്കാദമികം

ഉപമേഖല : കലാപഠനം

ലക്ഷ്യങ്ങൾ

- കുട്ടികളിൽ കലാബോധം സൃഷ്ടിക്കുക
- കലാകാരന്മാരെ കണ്ടെത്തുക
- കലാകാരന്മാരുടെ അഭിരുചിയ്ക്കനുസരിച്ചുള്ള മേഖലകളിലേയ്ക്ക് എത്തിക്കുക
- കലാമേഖലകളിൽ പ്രശസ്തമായവരുടെ ജീവചരിത്രങ്ങൾ കുട്ടികൾക്ക് പ്രചോദനമാകും വിധം പ്രയോജനപ്പെടുത്തുക
- സാമൂഹിക നന്മകൾക്ക് വേണ്ടി മൂല്യബോധമുള്ള കലാകാരന്മാരെ വാർത്തെടുക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പ ത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| കുട്ടികളിൽ കലാ ബോധം സൃഷ്ടിക്കുക | **സർഗ്ഗവേള**<br>• കുട്ടികൾക്ക് കലാപ്രകടന ങ്ങൾ നടത്തുവാനുള്ള അവസരങ്ങൾ സൃഷ്ടി ക്കുക | ജൂൺ- സെപ്റ്റംബർ | കലാ അദ്ധ്യാ പിക | PTA Fund | |
| കലാകാരന്മാരെ കണ്ടെ ത്തുക | **മഴവില്ല്**<br>• ക്ലാസ് റൂം പ്രവർത്തനങ്ങ ളിലൂടെ കുട്ടിയുടെ ഉള്ളിലെ കലാകാരനെ കണ്ടെത്തുന്നു.<br>• കലാമത്സരം നടത്തുന്നതി ലൂടെ<br>• പാരമ്പര്യമായ ചുറ്റുപാടു കളിലൂടെ | ഒരു വർഷം | കലാ അദ്ധ്യാ പിക | PTA Fund | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
|---|---|---|---|---|---|
| കലാകാരന്മാരുടെ അഭിരുചിക്കനുസരിച്ചുള്ള മേഖലകളിലേക്ക് എത്തിക്കുക. | <u>മികവ്</u><br>• കുട്ടികളുടെ ക്ലാസ്റൂം പ്രകടനങ്ങളിലൂടെ അവർക്ക് അനുയോജ്യമായ മേഖല മസ്സിലാക്കാൻ സാധിക്കും. കുട്ടികൾക്ക് താല്പര്യമുള്ള മേഖല ഏതാണെന്ന് ചോദിച്ചറിയുന്നു.<br>കുട്ടികൾക്ക് താല്പര്യമുള്ള മേഖല കണ്ടെത്തിയതിനുശേഷം അഭിരുചിക്കനുസൃതമായി വിദഗ്ദക്ലാസുകൾ നൽകുന്നു. | ജൂൺ സെപ്റ്റംബർ | കലാ അദ്ധ്യാപിക | PTA Fund | |
| കലാമേഖലകളിൽ പ്രശസ്തരായവരുടെ ജീവിതചരിത്രങ്ങൾ കുട്ടികൾക്ക് പ്രചോദനമാകും വിധം പ്രയോജനപ്പെടുത്തുക | <u>വഴികാട്ടി</u><br>• കുട്ടികൾക്ക് പ്രശസ്തരായവരുടെ ജീവിതചരിത്ര പുസ്തകങ്ങൾ നൽകുന്നു.<br>• പ്രശസ്തരെ പറ്റിയുള്ള സെമിനാറുകൾ നടത്തുന്നു.<br>• പ്രശസ്തരുടെ കലാസൃഷ്ടികൾ പരിചയപ്പെടുത്തുന്നു. | ഒക്ടോബർ മാർച്ച് | കലാ അദ്ധ്യാപിക | PTA Fund | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | സാമ്പത്തികം | വിലയിരുത്തൽ |
| --- | --- | --- | --- | --- | --- |
| സാമൂഹിക നന്മകൾക്ക് വേണ്ടി മൂല്യബോധമുള്ള കലാകാരന്മാരെ വാർത്തെടുക്കുക. | സ്റ്റാർസ്<br>❖ സാമൂഹിക പ്രതിബദ്ധതയുള്ള കലാസൃഷ്ടികളെ പരിചയപ്പെടുത്തുന്നതിലൂടെയും<br>❖ സാമൂഹിക തിന്മകൾ വരച്ചുകാട്ടുന്ന കലാസൃഷ്ടികൾ രൂപപ്പെടുത്താൻ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും<br>❖ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേയ്ക്ക് നയിക്കുന്ന പ്രകാശമായി ജ്വലിക്കാൻ നല്ല കലാകാരന്മാർ ആകുന്നതിലൂടെ സാധിക്കുമെന്ന് കുട്ടികളെ ബോധവാന്മാരാക്കുന്നു. | ഒരു വർഷം | കലാ അദ്ധ്യാപിക | PTA Fund | |

# ഉപസംഹാരം

പൊതു വിദ്യാലയങ്ങളുടെ അക്കാദമിക നിലവാരം ഉയർത്തുക, നമ്മുടെ വിദ്യാലയത്തെ, വിദ്യാലയന്തരീക്ഷത്തെ, അവിടെ നടക്കുന്ന പഠനബോധന പ്രവർത്തനങ്ങളെ ലഭ്യമായ പരമാവധി സ്രോതസ്സുകളെയും ആധുനിക സാങ്കേതിക വിദ്യകളെയും പ്രയോജനപ്പെടുത്തി കാലത്തിനനുസരിച്ച് മാറ്റിയെടുക്കുക എന്നീ ഉദ്ദേശത്തോട് കൂടിയാണ്. 'Acadamic masterplan 2025' എന്ന ഈ പ്രവർത്തന പാക്കേജ് തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ സർവ്വതോൻമുഖമായ വികാസം ലക്ഷ്യമാക്കി കൊണ്ടുള്ള ഈ അക്കാദമിക് മാസ്റ്റർപ്ലാൻ 2025 പൊതു സമൂഹത്തിന് മുൻപിൽ സമർപ്പിക്കുന്നു.

